# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം–*** 686560

***ഫോൺ:*** 0481–2733370


## വാർത്താക്കുറിപ്പ്

**2025 മെയ് 28**

---

## ബാർകിന്റെ സാങ്കേതിക വിദ്യകൾ വാങ്ങി സംരംഭകരാകാൻ പൊതുജനങ്ങൾക്ക് അവസരം

*ഭാഭ ആണവ ഗവേഷണ കേന്ദ്രം(ബാർക്) ഗ്രാമീണ മേഖലയുടെ വികസനം ലക്ഷ്യമിട്ട് വികസിപ്പിച്ച സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി പൊതുജനങ്ങൾക്ക് സംരംഭങ്ങൾ തുടങ്ങാം. മഹാത്മാ ഗാന്ധി സർവകലാശാലയിൽ പ്രവർത്തിക്കുന്ന ബാർക്കിന്റെ അകൃതി കേന്ദ്രം(അഡ്വാൻസ്ഡ് നോളജ് ആന്റ് റൂറൽ ടെക്നോളജി ഇംപ്ലിമെന്റേഷൻ സെന്റർ) ആണ് ഇതിന് അവസരമൊരുക്കുന്നത്.*

*പുത്തൻ ശാസ്ത്ര-സാങ്കേതിക വിദ്യകൾ സാധാരണക്കാർക്ക് ലഭ്യമാക്കാൻ ഉദ്ദേശിച്ച് ബാർക്ക് സംസ്ഥാനത്ത് സ്ഥാപിച്ച ആദ്യ കേന്ദ്രമാണിത്. കൃഷി, ഭക്ഷ്യ സംസ്കരണം, മാലിന്യ സംസ്കരണം, മണ്ണിന്റെയും സസ്യങ്ങളുടെയും സുരക്ഷ, ശുദ്ധജലവിതരണം, ജനിതക എൻജിനീയറിംഗ് തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട മുപ്പതിലേറെ സാങ്കേതിക വിദ്യകൾ ഇപ്പോൾ ഇവിടെ ലഭ്യമാണ്.*

*മഞ്ഞൾ, വാഴ, പൈനാപ്പിൾ, ഇഞ്ചി എന്നിവയുടെ തൈകൾ വേഗത്തിൽ ഉത്പാദിപ്പിക്കുന്ന മൈക്രോപ്രൊപഗേഷൻ രീതി, മണ്ണ്, വെള്ളം, ഭക്ഷ്യവസ്തുക്കൾ തുടങ്ങിയവയിൽ കീടനാശിനികളുടെ സാന്നിധ്യം കണ്ടെത്തുന്നതിനുള്ള ബയോസെൻസർ കിറ്റ്, ഫുഡ് പാക്കേജിംഗ് മേഖലയിൽ ആവശ്യമുള്ള ബയോഡീഗ്രേഡബിൾ ഫിലിമുകൾ, വൈദ്യുതിയും സോളാർ പാനലും ആവശ്യമില്ലാത്ത സോളാർ ഡ്രയർ, വൈദ്യുതി ആവശ്യമില്ലാത്ത വാട്ടർ പ്യൂരിഫയർ, മണ്ണിലെ കാർബണിന്റെ അളവ് എളുപ്പത്തിൽ കണ്ടുപിടിക്കുന്നതിനുള്ള കിറ്റ്, ഭക്ഷ്യധാന്യങ്ങളെ അണുവിമുക്തമാക്കുന്ന വൈബ്രോ തെർമൽ ഡിസിൻഫെക്ടർ, മാങ്ങയുടെ ഷെൽഫ് ലൈഫ് വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനം തുടങ്ങിയവയുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യകൾ ഇതിൽ ഉൾപ്പെടുന്നു.*

*പൊതുജനങ്ങൾക്ക് ഈ സാങ്കേതിക വിദ്യകൾ ചെറിയ തുകയ്ക്ക് സ്വന്തമാക്കി സംരംഭങ്ങൾ തുടങ്ങാനാകും. ഉത്പന്നങ്ങളുടെ കവറിൽ ബാർക് വികസിപ്പിച്ച സാങ്കേതിക വിദ്യയാണെന്ന് രേഖപ്പെടുത്തിയാൽ മതിയാകും. എം.ജി സർവകലാശാലയിൽ ബിസിനസ്*

*ഇന്നേവഷൻ ആന്റ് ഇൻകുബേഷൻ സെന്റർ(ബിഐഐസി) ആണ് അകൃതി കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.*

*കൂടുതൽ വിവരങ്ങൾ 8848875928, 7994092730 എന്നീ ഫോൺ നമ്പരുകളിൽ ലഭിക്കും. ഇമെയിൽ*–biic@mgu.ac.in

*(പി.ആർ.ഒ/39/1624/2025)*

## പ്രാക്ടിക്കൽ

*രണ്ടാം സെമസ്റ്റർ ബിഎസ്സി ക്ലിനിക്കൽ ന്യൂട്രീഷ്യൻ ആന്റ് ഡയറ്റെറ്റിക്സ്(പുതിയ സ്കീം, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് ഏപ്രിൽ 2025) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷ ജൂൺ 18ന് നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1625/2025)*

## പ്രോജക്ട് ഇവാലുവേഷൻ

*ആറാം സെമസ്റ്റർ ബാച്ച്ലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ്(2022 അഡ്മിഷൻ റഗുലർ, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി-പുതിയ സ്കീം ഏപ്രിൽ 2025) പരീക്ഷയുടെ പ്രൊജക്ട് ഇവാലുവേഷൻ, വൈവ വോസി പരീക്ഷകൾ മെയ് 30 മുതൽ പാലാ സെന്റ് ജോസഫ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/1626/2025)*

## പരീക്ഷാ ഫലം

*നാലാം സെമസ്റ്റർ എംഎ മലയാളം പിജിസിഎസ്എസ്(2018 അഡ്മിഷൻ സപ്ലിമെന്ററി, 2015 മുതൽ 2017 വരെ അഡ്മിഷനുകൾ മെഴ്സിചാൻസ് മെയ് 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.*

*(പി.ആർ.ഒ/39/1627/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**